# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2123:** **19/06/2012- ൽ മറുപടിക്ക്**

## എസ്.ഇ.എസ്.ഇ.വൈ., ഡബ്ല്യു.ഐ.എസ്., ഇ.എസ്.എസ്. പദ്ധതികൾ

**ചോദ്യം** **ഉത്തരം**

**പ്രൊഫ. സി. രവീന്ദ്രനാഥ് :** **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യവസായ വകുപ്പ് മുഖേന നടപ്പ സാമ്പത്തിക വർഷം എസ്. ഇ. എസ്. ഇ. വൈ, ഡബ്ല്യൂ. ഐ. എസ്. എന്നീപദ്ധതികൾ നടപ്പിലാക്കുമോ ; | (എ) | ഇല്ല. 2012-13 സാമ്പത്തിക വർഷം മുതൽ മേൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല. |
| (ബി) | ഇ.എസ്.എസ്. എന്ന പേരിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതി 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കുമോ ; | (ബി) | സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (സി) | എം.എസ്.എം.ഇ. കൾക്ക് പ്രോത്സാഹനമായി എന്ത് പ്രായോഗിക പദ്ധതിയാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ? | (സി) | നിലവിലുള്ള ഒൻപത് പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ഇ.എസ്.എസ്. എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നത്. ഇത് എം.എസ്.എം. ഇ. ഉല്പാദന യൂണിറ്റുകൾക്ക് വിവിധ തരത്തിലുള്ള ആവശ്യങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതിയാണ്. ഒരു വ്യവസായത്തിന് പരമാവധി 25 ലക്ഷം രൂപ വരെ ധനസഹായം നൽകും. നിലവിലുണ്ടായിരുന്ന മാർജിൻ മണി വായ്പ 2012-13 വർഷം മുതൽ നിർത്തലാക്കിയിട്ടുണ്ട്.<br>സംരംഭകത്വ സഹായ പദ്ധതി (ഇ എസ് എസ്) -ൽ താഴെ വിവരിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കായി ലഭിക്കുന്നതാണ്.<br>1. സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 10% സഹായധനം - 10 ലക്ഷം വരെ. |

| | | | |
|---|---|---|---|
| | | | 2. വനിതാ വ്യവസായികൾക്ക് മൂലധനത്തിന്റെ 20% സഹായധനം- 15 ലക്ഷം വരെ.<br>3. അഭ്യസ്തവിദ്യരായ യുവസംരംഭകർക്ക് മൂലധനത്തിന്റെ 20% സഹായധനം- 15 ലക്ഷം വരെ.<br>4. പട്ടികജാതി/പട്ടിക വർഗ്ഗ സംരംഭകർക്ക്- മൂലധനത്തിന്റെ 20% സഹായധനം-20 ലക്ഷം വരെ.<br>5. ഭക്ഷ്യ സംസ്കരണവും വിവിധ ത്രസ്റ്റ് മേഖലകളിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 5% അധിക സഹായധനം.<br>6. വയനാട്, ഇടുക്കി ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് 5% അധിക ധനസഹായം- 2 ലക്ഷം വരെ.<br>7. നൂതന സാങ്കേതിക വിദ്യ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കുന്നതിന് ധനസഹായം -25 ലക്ഷം വരെ.<br>8. അനുവദിക്കപ്പെട്ട തുകയുടെ 70% സൂക്ഷ്മ വ്യവസായങ്ങൾക്കായി മാറ്റി വെച്ചിരിക്കുന്നു. എന്നാൽ അപേക്ഷകരുടെ അഭാവത്തിൽ മേൽത്തുക മറ്റു ചെറുകിട വ്യവസായങ്ങൾക്കായി ഉപയോഗിക്കുന്നതാണ്.<br>9. വനിതാ വ്യവസായികൾക്ക് 10%വും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 10% വും ആകെത്തുകയുടെ വിഹിതം വകയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ